പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3023 **29-10-2026-ൽ മറുപടിയ്ക്ക്**

സംസ്ഥാന സ്കൂൾ ഗെയിംസ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. പി. മമ്മിക്കുട്ടി ശ്രീ. കാരായി രാജൻ ശ്രീ. യു. ആർ. പ്രദീപ് ശ്രീ. എം. വിജിൻ	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) ഇക്കൊല്ലത്തെ സംസ്ഥാന സ്കൂൾ ഗെയിംസിന്റെ സംഘാടനത്തിൽ വലിയ പാളിച്ചകൾ ഉണ്ടായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: സ്കൂൾ ഗെയിംസ് സംഘാടനത്തിൽ പാളിച്ചകൾ ഉണ്ടായിട്ടില്ല.

(ബി) ഗെയിംസിൽ പങ്കെടുക്കാൻ എത്തിയവർക്ക് ഭക്ഷണവും വെള്ളവും താമസ-വാഹന സൗകര്യവും മറ്റും ഒരുക്കുന്നതിൽ വീഴ്ചയുണ്ടായതായ പരാതികളിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

മറുപടി: പ്രസ്തുത വിഷയത്തിൽ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(സി) നീന്തൽ, വാട്ടർപോളോ മത്സരങ്ങൾ നടന്ന തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സിലെ ഗ്യാലറിയിലെ ഷീറ്റുകൾ ഇളകി വീണ് എത്ര പേർക്കാണ് പരിക്കേറ്റതെന്നും മത്സര വേദിയിൽ വേണ്ടത്ര സുരക്ഷ ഒരുക്കുന്നതിൽ പരാജയപ്പെട്ട ഉദ്യോഗസ്ഥർക്കും കരാറുകാർക്കുമെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

മറുപടി: ശക്തമായ കാറ്റിലും മഴയിലും താൽക്കാലിക പന്തലിന്റെ ഷീറ്റുകൾ താഴെ വീണത് മൂലം ആറ് പേർക്ക് നിസ്സാര പരിക്കുകളുണ്ടായി. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ, വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് കണ്ടെത്തുന്ന പക്ഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ